<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.3121 — 18/06/2019 ൽ മറുപടിക്ക്

# സർവ്വേ ഭൂരേഖ വകുപ്പിൽ തുടർച്ചാനുമതി നൽകിയിട്ടില്ലാത്ത തസ്തികകൾ

**ചോദ്യം**

**ശ്രീ.വി.എസ്.ശിവകുമാർ**

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

<table>
<tr><td>(എ)</td><td>07.07.2018 ലെ സ.ഉ (ആർ.റ്റി) 2673/2018/ആർ.ഡി. പ്രകാരം സർവ്വേ ഭൂരേഖ വകുപ്പിൽ തുടർച്ചാനുമതി നൽകിയിട്ടില്ലാത്ത തസ്തികകൾ വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകൾക്ക് തുടർച്ചാനുമതി നൽകാത്തതിനുള്ള കാരണം വിശദമാക്കുമോ;</td><td rowspan="3">(എ) യും (ബി) യും (സി) യും</td><td rowspan="3">സർവ്വേയും ഭൂരേഖയും വകുപ്പിൽ തുടർച്ചാനുമതി നൽകിയിട്ടില്ലാത്ത തസ്തികകൾ ചുവടെ ചേർക്കുന്നു.<br><br>1)ഹെഡ് സർവ്വേയർ - 78<br>2)ഹെഡ് ഡ്രാഫ്റ്റ്സ്മാൻ - 14<br>3)സർവ്വേയർ - 635<br>4)ഡ്രാഫ്റ്റ്സ്മാൻ - 58<br>5)ബൈന്റർ - 13<br>6)ബ്ലൂ പ്രിന്റർ - 1<br>7)ടൈപ്പിസ്റ്റ് - 32<br>8)അറ്റൻഡർ - 16<br>9)ഓഫീസ് അറ്റന്റന്റ് - 95<br><br>റവന്യൂ വകുപ്പ് മുഖാന്തിരം നടക്കുന്ന റീസർവ്വേ നടപടികൾക്കായി സർവ്വെ വകുപ്പുകളിൽ നിന്നും ജീവനക്കാരെ ജോലീക്രമീകരണ വ്യവസ്ഥയിൽ താൽക്കാലികമായി റവന്യൂ വകുപ്പിൽ നിയമിച്ചുവരുന്നു. കാലകാലങ്ങളിൽ ധനകാര്യവകുപ്പിന്റെ അനുമതിയോടു കൂടിയാണ് ടി ജീവനക്കാർക്ക് തുടർച്ചാനുമതി നൽകി വന്നിരുന്നത്. ഇത്തരത്തിൽ</td></tr>
<tr><td>(ബി)</td><td>സർവ്വേ ഭൂരേഖ വകുപ്പിൽ സർവ്വേയർ തസ്തികയ്ക്ക് തുടർച്ചാനുമതി നൽകിയിട്ടുണ്ടോ; ഭൂമി സംബന്ധമായ പരാതികൾ പരിഹരിക്കാൻ സർവ്വേയർമാരുടെ സേവനം ലഭിക്കുന്നില്ലായെന്ന പരാതി ഉയരുന്ന സാഹചര്യത്തിൽ തുടർച്ചാനുമതി നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ;</td></tr>
<tr><td>(സി)</td><td>ഇതിലേയ്ക്കായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ സർവ്വേ ഭൂരേഖ വകുപ്പിൽ തസ്തികകൾ കുറവുചെയ്യുന്നതിനുള്ള</td></tr>
</table>

| | | | |
|---|---|---|---|
| | കാരണം വിശദമാക്കുമോ; | | നിയമിച്ചുവരുന്ന ജീവനക്കാരുടെ 942 തസ്തികകൾ അധികമാണെന്ന് ധനകാര്യ വകുപ്പ് കണ്ടെത്തുകയും ടി തസ്തികകൾ സർവ്വേ വകുപ്പിൽ വിരമിക്കൽ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയ രീതികളിൽ ഉണ്ടായിത്തീരുന്ന ഒഴിവുകളിൽ അക്കോമഡേറ്റ് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് തുടർച്ചാനുമതി ടി തസ്തികകൾക്ക് നൽകുവാൻ കഴിയാത്തത്. മറ്റു പഠനങ്ങൾ ഇക്കാര്യത്തിൽ നടത്തിയിട്ടില്ല.<br>ഭൂമി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് സർവ്വേയർമാരുടെ സേവനം ലഭിക്കുന്നില്ല എന്ന പരാതി നിലവിലുണ്ട്. എന്നാൽ സർവ്വേയർമാരുടെ തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം സമീപകാലത്ത് ഉടലെടുത്തതാണ്. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സർവ്വേ ഭൂരേഖ വകുപ്പിൽ നിന്നും ഏതെല്ലാം വകുപ്പുകളിലേയ്ക്കാണ് സർവ്വേയർമാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കാറുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | സർവ്വേയും ഭൂരേഖയും വകുപ്പിൽ നിന്നും റവന്യൂ വകുപ്പിലേക്ക് സർവ്വേയർമാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ താൽക്കാലികമായി നിയമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ